6629
8/4/19

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അച്ചൻ കോവിൽ റെയിഞ്ച് – വിവിധ ജോലികളിലെ ക്രമക്കേട് സംബന്ധിച്ച ആരോപണം–സർവ്വശ്രീ.ബാബുരാജ പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വി.ആർ.ശ്രീകുമാർ, സെക്ഷൻഫോറസ്റ്റ് ഓഫീസർ, എ.ആഷിക്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.490/2018/വനം** തിരുവനന്തപുരം, തീയതി, 23/11/2018

---

പരാമർശം:– (1) 05.03.2017–ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം)–ന്റെ ബി2 –23241/15 നമ്പർ കത്ത്

(2) 18.04.2017–ലെ FWLD–A1/32/17–FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(3) ശ്രീ.ബാബുരാജ പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻഫോറസ്റ്റ്ഓഫീസർമാരായസർവ്വശ്രീ.വി.ആർ.ശ്രീകുമാർ,എ.ആഷിക് എന്നിവർ യഥാക്രമം 21.07.2017,14.06.2017,19.07.2017 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

(4) 19.02.2018, 06.09.2018 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം)–ന്റെ ബി2–23241/15 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

അച്ചൻകോവിൽ റെയിഞ്ചിലെ കൺവീനർമാരായ സർവ്വശ്രീ.ആർ.രാധാകൃഷ്ണൻ, മുരുകൻ എന്നിവർ തങ്ങൾക്ക് വനം വകുപ്പിൽ ചെയ്ത ജോലികൾക്ക് പ്രതിഫലം അനുവദിക്കുന്നില്ല എന്നതിൽ നൽകിയ പരാതിയിന്മേലുള്ള അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ – എന്നിവരുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം വനം വകുപ്പിന്റെ അനുമതി ഇല്ലാതെയും അടങ്കൽ പാസ്സാക്കാതെയും

കൺവീനറെക്കൊണ്ട് ഫയർലൈൻ അടക്കമുള്ള ജോലികൾ ചെയ്യിച്ചിരുന്നതിനും കൂടാതെ 2015 മുതലത്തോട് തേക്ക് പ്ലാന്റേഷന്റെ വിസ്തൃതി കൃത്യമായി കണക്കാക്കാതെ പ്ലാന്റിംഗ് ജോലികൾ നടത്തിയതിനും, അടിസ്ഥാന രേഖകൾ ഇല്ലാതെ തോട്ടം വെട്ടിയതിനും അച്ചൻ കോവിൽ റെയിഞ്ചാഫീസറായിരുന്ന ശ്രീ.എ.ബാബുരാജ പ്രസാദ് കാരണക്കാരനാണെന്നും 2015 മുതലത്തോട് തേക്ക് തോട്ടത്തിന്റെ വിസ്തൃതി തെറ്റായി കണക്കാക്കി പ്ലാന്റിംഗ് ജോലികൾ ചെയ്ത് ബില്ലുകൾ തയ്യാറാക്കി അധിക പണം നൽകിയതിന് അച്ചൻകോവിൽ റെയിഞ്ചിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.വി.ആർ. ശ്രീകുമാർ ഉത്തരവാദിയാണെന്നും വനം വകുപ്പിന്റെ അനുമതി ഇല്ലാതെയും അടങ്കൽ പാസ്സാക്കാതെയും കൺവീനറെക്കൊണ്ട് ഫയർലൈൻ ജോലികൾ ചെയ്യിച്ചതിന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.എ.ആഷിക്കും കാരണക്കാരനാണെന്ന് കണ്ടെത്തി.

2) പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം (1) പ്രകാരം ശുപാർശ ചെയ്തു. ടി ശുപാർശ അംഗീകരിച്ച് സർവ്വശ്രീ.ബാബുരാജ പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വി.ആർ.ശ്രീകുമാർ, സെക്ഷൻഫോറസ്റ്റ് ഓഫീസർ, എ.ആഷിക്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും സർക്കാർ തലത്തിൽ നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) പ്രസ്തുത കുറ്റാരോപിതർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അഭിപ്രായം ലഭ്യമാക്കി.

4) അച്ചൻകോവിൽ റെയിഞ്ചിലെ 2015 മുതലത്തോട് തേക്കുതോട്ടത്തിന്റെ വിസ്തൃതി 1 2 ഹെക്ടർ ആയി രേഖപ്പെടുത്തുകയും ടി തേക്കുതോട്ടം നട്ടുവിടിപ്പിച്ചതിന്റെ ആകെ ചിലവായ 10,62,993/- രൂപ ബന്ധപ്പെട്ട കൺവീനർക്ക് പ്രതിഫലമായി നൽകിയിരുന്നുവെന്നും തുടർന്ന് തോട്ടത്തിന്റെ വിസ്തൃതി സംബന്ധിച്ച പരാതി കണക്കിലെടുത്ത് പ്രസ്തുത തോട്ടം വീണ്ടും സർവ്വേ ചെയ്തതിൽ വിസ്തൃതി 9 ഹെക്ടർ ആണെന്ന് കണ്ടെത്തുകയും അധികമായി കൈപ്പറ്റിയ 2,24,221/- രൂപ ടി ജോലി നിർവ്വഹിച്ച കൺവീനറിൽ നിന്നും വസൂലാക്കിയിട്ടുണ്ടെന്നും അതിനാൽ ഈ വിഷയത്തിൽ സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ലായെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തു.

5) ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കുന്നതിന് അപേക്ഷിച്ചതിൻ പ്രകാരം 11.04.2018-ന് നേരിൽ കേട്ടു.

6) നേരിൽ കേട്ട വേളയിൽ ടി ഉദ്യോഗസ്ഥർ ഉന്നയിച്ച വാദങ്ങളും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും വിശദമായി പരിശോധിച്ചു. വനഭൂമിയിൽ നടത്തുന്ന പ്രവർത്തനങ്ങളിലെ മേൽനോട്ടത്തിൽ വന്ന ലഘു വീഴ്ചയാണ് ഈ വിഷയം ഉണ്ടാകാൻ കാരണമെന്ന് ബോധ്യപ്പെട്ടു. സർക്കാർ നഷ്ടം സംഭവിച്ചിട്ടില്ലായെന്നത് കണക്കിലെടുത്ത് 'കൂടുതൽ ശ്രദ്ധയോടെ കൃത്യനിർവ്വഹണം നടത്തണം' എന്ന നിർദ്ദേശത്തോടെ സർവ്വശ്രീ. ബാബുരാജ പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വി.ആർ. ശ്രീകുമാർ, സെക്ഷൻ

ഫോറസ്റ്റ് ഓഫീസർ, എ. ആഷിക്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ബാബുരാജ പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.വി.ആർ.ശ്രീകുമാർ, സെക്ഷൻഫോറസ്റ്റ് ഓഫീസർ

ശ്രീ.എ.ആഷിക്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by BIJI K
Date: 2018.11.23
15:56:09 IST
Reason: Approved

സെക്ഷൻ ഓഫീസർ